**പതിനാലാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

30.01.18

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. T 1210 — 05.02.2018 ൽ മറുപടിക്ക്

## വഴിയോരം പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.ജെ. മാക്സി | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിന്റെ സ്ഥലത്ത് എവിടെയെല്ലാം ദേശീയ പാതയോടുചേർന്ന് വഴിയോരം പദ്ധതി നടപ്പാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | എ) വിനോദസഞ്ചാരികൾക്ക് യാത്രയിലുടനീളം മെച്ചപ്പെട്ട സൗകര്യങ്ങൾ നൽകുന്നതിന് സ്വകാര്യ പങ്കാളിത്ത ത്തോടെ 2004 ൽ നടപ്പിലാക്കിയ ഒരു പദ്ധതിയാണ് വഴിയോരം. സർക്കാരിന്റെ ഉടമസ്ഥതയിലല്ല ഇവ പ്രവർത്തിക്കുന്നത്. സ്വകാര്യ സംരംഭകരാണ് ഇതിൽ മുതൽ മുടക്കിയിട്ടുള്ളത്. ഈ പദ്ധതിയിൽ 35 സംരംഭകർക്ക് ഇവ തുടങ്ങുന്നതിനുള്ള അനുമതി നൽകിയിരുന്നു. പൊതുമരാമത്ത് വകുപ്പിന്റെ സ്ഥലത്ത് ടൂറിസം വകുപ്പ് വഴിയോരം പദ്ധതി നടപ്പിലാക്കിയിട്ടില്ല. |
| ബി) പ്രസ്തുത പദ്ധതിയിൽ എന്തെല്ലാം സ്ഥാപനങ്ങളാണ് വിഭാവന ചെയ്തിരിക്കുന്നതെന്നും വിഭാവന ചെയ്തവ പൂർണ്ണമായും അവിടങ്ങളിൽ നടപ്പാക്ക പ്പെട്ടിട്ടുണ്ടോ എന്നും വെളിപ്പെടുത്തുമോ; | ബി) കേരളത്തിലെ പ്രധാനപ്പെട്ട ടൂറിസം കേന്ദ്രങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന ദേശീയ പാതകൾ, ജലമാർഗ്ഗങ്ങൾ, പ്രധാന റോഡുകൾ എന്നിവയ്ക്ക് സമീപം യാത്രികർക്കും ടൂറിസ്റ്റുകൾക്കും പ്രയോജന പ്പെടുന്ന രീതിയിൽ മികച്ച ഭക്ഷണശാല, ചെറിയ ഷോപ്പിംഗ്സെന്റർ, വൃത്തിയുള്ള ടോയ് ലറ്റുകൾ, എന്നീ സൗകര്യങ്ങൾ ഒരുമിച്ചുള്ള ഒരു കേന്ദ്രം എന്ന ഉദ്ദേശത്തോടെയാണ് സർക്കാർ വഴിയോരം പദ്ധതി നടപ്പിലാക്കിയത്. |

| | | |
|---|---|---|
| സി) 'വഴിയോരങ്ങൾ' ഏറ്റെടുത്തവരുമായി പി.ഡബ്ല്യു.ഡി വെച്ചിട്ടുള്ള കരാറിന്റെ പകർപ്പ് ലഭ്യമാക്കുമോ; | സി) യും ഡി) യും | ബാധകമല്ല |
| ഡി) കരാർ വ്യവസ്ഥകൾക്ക് വിരുദ്ധമായാണ് പ്രസ്തുത സ്ഥാപനം പ്രവർത്തിക്കുന്ന തെന്ന ആരോപണങ്ങൾ പരിശോധിച്ചിട്ടുണ്ടോ? | | |

സെക്ഷൻ ഓഫീസർ